**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകുന്നതിനായി അനുവദിച്ച തുക നിക്ഷേപിക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ കളക്ടർമാരുടെയും പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

*ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്*

സ.ഉ. (സാധാ) നം. **224/2018/ധന.** തിരുവനന്തപുരം, തീയതി **10.01.2018**

---

പരാമർശം - 1.സ ഉ(കൈ) നം. 24/2017/ഉഭപവ തിയതി 25/11/2017

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03.01.2018 ലെ എസ്7-14699/17 നമ്പർ കത്ത്

3. ആലപ്പുഴ ജില്ലാ കളക്ടറുടെ 15.12.2017 ലെ എ 9-41862/17 നമ്പർ കത്ത്

4 പത്തനംതിട്ട ജില്ലാ കളക്ടറുടെ 11.12.2017 ലെ ബി5-149979/17(2) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകുന്നതിനായി പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുക നിക്ഷേപിക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ കളക്ടർമാരുടെയും പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തുകളിലൂടെ തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി, എല്ലാ ജില്ലാ കളക്ടർമാരുടെയും പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ